# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4024 27.6.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതി-വർഗ്ഗ കോളനികളിൽ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗകോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുടിവെള്ള വിതരണത്തിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; | (എ) പട്ടികജാതി,പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണത്തിനായി പട്ടികജാതി/വർഗ്ഗ വികസന ഡിപ്പാർട്ടുമെന്റിൽ നിന്നും ഭരണാനുമതി ലഭിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നതായ എ.സി.എ (Addl. Central Assistance)/കോർപ്പസ് ഫണ്ട് (അധികകേന്ദ്ര സഹായ/ കോർപ്പസ് ഫണ്ട്) പദ്ധതികൾ നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ എൻ. ആർ.ഡി. ഡബ്ല്യൂ.പി ഫണ്ടിൽ നിന്നും കളക്ടർമാരുടെ അപേക്ഷ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലേക്ക് കുടിവെള്ളം നല്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഫണ്ട് കളക്ടർമാർക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ ഇടുക്കി വയനാട് ജില്ലകളിലെ പട്ടിക വർഗ്ഗ വിഭാഗങ്ങൾ കൂടുതലായുള്ള 22 പഞ്ചായത്തുകളിൽ ജലനിധി പ്രത്യേക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സാമ്പത്തികവർഷം പുതുതായി എത്ര വീടുകൾക്ക് കുടിവെള്ളം നൽകാനുള്ള പദ്ധതി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സാമ്പത്തിക വർഷം ജലനിധി പുതുതായി 16,236 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 28,344 കുടുംബങ്ങൾക്കുകൂടി നടപ്പുവർഷം കുടിവെള്ളം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ